# കേരള സർവകലാശാല

നം.പി.ആർ.141/2018 ഫോൺ : 2305738

## <u>പത്രക്കുറിപ്പ്</u>

**<u>ഒന്നാം വർഷ ബിരുദ പ്രവേശനത്തിനുള്ള മൂന്നാം ഘട്ട അലോട്ട്മെന്റ് 25.06.2018–ന് പ്രസിദ്ധീകരിക്കും. 26.06.2018 മുതൽ കോളേജുകളിൽ പ്രവേശനം നേടാം</u>**

കേരള സർവകലാശാലയുടെ 2018–19 വർഷത്തെ ബിരുദ പ്രവേശനത്തിനുള്ള മൂന്നാം ഘട്ട അലോട്ട്മെന്റ് (http://admissions.keralaluniversity.ac.in) എന്ന വെബ്സൈറ്റിൽ 25.06.2018 –ൽ പ്രസിദ്ധപ്പെടുത്തും. അപേക്ഷകർക്ക് ആപ്ലിക്കേഷൻ നമ്പറും പാസ്‌വേർഡും ഉപയോഗിച്ച് ലോഗിൻ ചെയ്ത് തങ്ങളുടെ അലോട്ട്മെന്റ് പരിശോധിക്കാം. ഒന്നും,രണ്ടും ഘട്ടങ്ങളിൽ അലോട്ട്മെന്റ് ലഭിക്കാത്തവരും എന്നാൽ മൂന്നാം ഘട്ടത്തിൽ പുതുതായി അലോട്ട്മെന്റ് ലഭിക്കുകയും ചെയ്ത അപേക്ഷകർ ഓൺലൈനായോ അല്ലാത്ത പക്ഷം വെബ്സൈറ്റിൽ ലോഗിൻ ചെയ്ത ശേഷം അഡ്മിഷൻ ഫീസ് അടയ്ക്കാനുള്ള ചലാൻ പ്രിന്റ് ഔട്ട് എടുത്ത് എസ്.ബി.ഐയുടെ ഏതെങ്കിലും ശാഖയിലോ ഫീസ് അടയ്ക്കണം. അഡ്മിഷൻ ഫീസ് ജനറൽ വിഭാഗത്തിന് 1525 രൂപയും എസ്.സി/എസ്.ടി വിഭാഗത്തിന് 840 രൂപയുമാണ്. ചെലാൻ മുഖേന ഫീസ് അടയ്ക്കുന്നവർ വെബ്സൈറ്റിൽ ലോഗിൻ ചെയ്ത് അഡ്മിഷൻ ഫീസ് ഒടുക്കിയ വിവരം (ജേർണൽ നമ്പർ) യഥാസമയം http://admissions.keralauniversity.ac.in-ൽ നൽകി തങ്ങളുടെ അലോട്ട്മെന്റ് ഉറപ്പാക്കേണ്ടതും അലോട്ട്മെന്റ് ലഭിച്ച കോളേജിൽ എത്തി അലോട്ട്മെന്റ് മെമ്മോയിൽ പറഞ്ഞിരിക്കുന്ന പ്രകാരം അഡ്മിഷൻ എടുക്കേണ്ടതുമാണ്. അഡ്മിഷൻ ഫീസ് ഒടുക്കിയ വിവരം (ജേർണൽ നമ്പർ) യഥാസമയം ചേർക്കാത്ത വിദ്യാർത്ഥികളുടെ അലോട്ട്മെന്റ് റദ്ദാകും. ഇങ്ങനെയുള്ളവരെ യാതൊരു കാരണവശാലും തുടർന്നുള്ള അലോട്ട്മെന്റുകളിൽ പരിഗണിക്കുന്നതല്ല. ഒന്ന്,രണ്ട് അലോട്ട്മെന്റുകളിൽ അലോട്ട്മെന്റ് ലഭിച്ചവർ (അഡ്മിഷൻ ഫീസ് അടച്ച് ആ വിവരം യഥാസമയം വെബ്സൈറ്റിൽ ചേർത്തവർ മാത്രം) മൂന്നാം ഘട്ട അലോട്ട്മെന്റിൽ ഹയർ ഓപ്ഷനുകളിൽ ഏതെങ്കിലും ലഭിച്ചാൽ അഡ്മിഷൻ ഫീസ് വീണ്ടും അടയ്ക്കേണ്ടതില്ല. ഒന്ന്,രണ്ട്,മൂന്ന് അലോട്ട്മെന്റുകളിൽ അലോട്ട്മെന്റ് സീറ്റ് ലഭിച്ച് അപേക്ഷകർക്ക് ജൂൺ 25–ാം തീയതി മുതൽ ആപ്ലിക്കേഷൻ നമ്പറും പാസ്‌വേർഡും ഉപയോഗിച്ച് ലോഗിൻ ചെയ്ത ശേഷം അലോട്ട്മെന്റ് മെമ്മോയുടെ പ്രിന്റ് എടുക്കാം.

ഒന്ന്,രണ്ട്,മൂന്ന് അലോട്ട്മെന്റുകൾ വഴി അലോട്ട്മെന്റ് ലഭിച്ചവർക്ക് മെമ്മോയിൽ പറഞ്ഞിരിക്കുന്ന തീയതികളിൽ കോളേജിൽ പ്രവേശനം നേടാം.

അലോട്ട്മെന്റ് ലഭിച്ച കോളേജ്, കോഴ്സ്, കാറ്റഗറി, അഡ്മിഷൻ തീയതി എന്നിവ അലോട്ട്മെന്റ് മെമ്മോയിൽ നിന്ന് ലഭിക്കും. യോഗ്യത തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റുകൾ സഹിതം(കൂടുതൽ വിവരങ്ങൾക്ക് അലോട്ട്മെന്റ് മെമ്മോ കാണുക) മെമ്മോയിൽ പറഞ്ഞിരിക്കുന്ന സമയത്ത് കോളേജിൽ ഹാജരായി അഡ്മിഷൻ എടുക്കണം. ഇപ്രകാരം നിശ്ചിത സമയത്തിനുള്ളിൽ അഡ്മിഷൻ എടുക്കാത്തവരെ യാതൊരു കാരണവശാലും തുടർന്നുള്ള

അലോട്ട്മെന്റുകളിൽ പരിഗണിക്കുന്നതല്ല. ഇങ്ങനെയുള്ളവരുടെ സീറ്റുകൾ റദ്ദാകുന്നതും ആ സീറ്റുകൾ തുടർന്നുള്ള അലോട്ട്മെന്റുകളിലേയ്ക്ക് പരിഗണിക്കുന്നതുമാണ്.

അലോട്ട്മെന്റ് ലഭിച്ച അപേക്ഷകർ തങ്ങൾക്ക് ലഭിച്ച സീറ്റിൽ തൃപ്തരല്ലെങ്കിലും തുടർന്നുള്ള അലോട്ട്മെന്റുകളിൽ പരിഗണിക്കപ്പെടേണ്ടതിനായി അലോട്ട്മെന്റ് മെമ്മോയിൽ പറഞ്ഞിരിക്കുന്ന സമയത്ത് അലോട്ട്മെന്റ് ലഭിച്ച കോളേജിൽ അഡ്മിഷൻ എടുക്കണം.

അലോട്ട്മെന്റ് ലഭിച്ച അപേക്ഷകർ തങ്ങൾക്ക് ലഭിച്ച സീറ്റിൽ തൃപ്തരാണെങ്കിൽ അഡ്മിഷൻ എടുത്ത ശേഷം ആവശ്യമെങ്കിൽ അവരുടെ ഹയർ ഓപ്ഷനുകൾ ജൂലൈ 4 വൈകുന്നേരം അഞ്ച് മണിയ്ക്കുള്ളിൽ നീക്കം ചെയ്യണം. നില നിർത്തപ്പെടുന്ന ഹയർ ഓപ്ഷനുകൾ തുടർന്ന് വരുന്ന അലോട്ട്മെന്റിൽ പരിഗണിക്കുന്നതും പുതിയ അലോട്ട്മെന്റ് ലഭിക്കുന്ന പക്ഷം ആ സീറ്റ് നിർബന്ധമായും സ്വീകരിക്കേണ്ടതുമാണ്.

മതിയായ കാരണത്താൽ അലോട്ട്മെന്റ് മെമ്മോയിൽ രേഖപ്പെടുത്തിയിരിക്കുന്ന സമയത്തും തീയതിയിലും ഹാജരാകാൻ കഴിയാത്ത വിദ്യാർത്ഥികൾക്ക് 30.06.2018-ന് ബന്ധപ്പെട്ട കോളേജുകളിൽ ഹാജരായി പ്രവേശനം നേടാവുന്നതാണ്.

<u>പ്രത്യേക കുറിപ്പ്:</u> (എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിന്)

## ബി.എഡ് പരീക്ഷാകേന്ദ്രങ്ങൾ

ജൂൺ 29-മുതൽ ആരംഭിക്കുന്ന രണ്ടാം സെമസ്റ്റർ ബി.എഡ് ഡിഗ്രി പരീക്ഷകൾക്ക് (2013 -സ്കീം സപ്ലിമെന്ററി&2004 സ്കീം മേഴ്സി ചാൻസ്) തിരുവനന്തപുരം ജില്ലയിലെ പരീക്ഷാകേന്ദ്രങ്ങൾ ആവശ്യപ്പെട്ട വിദ്യാർത്ഥികൾ ഗവൺമെന്റ് കോളേജ് ഓഫ് ടീച്ചർ എഡ്യൂക്കേഷൻ, തൈക്കാട്, തിരുവനന്തപുരം. കൊല്ലം, പത്തനംതിട്ട ജില്ലകളിലെ കോളേജുകൾ പരീക്ഷാ കേന്ദ്രങ്ങൾ ആവശ്യപ്പെട്ട വിദ്യാർത്ഥികൾ - കേരള സർവകലാശാല ബി.എഡ് സെന്റർ, തേവള്ളി കൊല്ലം. ആലപ്പുഴ ജില്ലയിലെ കോളേജുകൾ പരീക്ഷാ കേന്ദ്രങ്ങൾ ആവശ്യപ്പെട്ട വിദ്യാർത്ഥികൾ യൂണിവേഴ്സിറ്റി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, ആലപ്പുഴ എന്നീ പരീക്ഷാകേന്ദ്രങ്ങളിൽ നിന്നും ഹാൾടിക്കറ്റ് കൈപ്പറ്റി അവിടെ തന്നെ പരീക്ഷ എഴുതേണ്ടതാണ്.

## ആറാം സെമസ്റ്റർ ബി.എ(എഫ്.ഡി.പി - സി.ബി.സി.എസ്) പരീക്ഷാഫലം

ഏപ്രിൽ 2018 ൽ നടത്തിയ ആറാം സെമസ്റ്റർ ബി.എ (എഫ്.ഡി.പി - സി.ബി.സി.എസ്) (2013 അഡ്മിഷൻ മുതൽ 2015 അഡ്മിഷൻ വരെ) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണ്ണയത്തിനും ഓൺലൈനായി ജൂലൈ 18 വരെ അപേക്ഷിക്കാം.

## എട്ടാം സെമസ്റ്റർ ബി.ടെക്ക്

എട്ടാം സെമസ്റ്റർ ബി.ടെക് 2008 സ്കീം പാർട്ട് ടൈം റീസ്ട്രക്ച്ചേഡ് സപ്ലിമെന്ററി പരീക്ഷയുടെ ഓൺലൈൻ രജിസ്ട്രേഷൻ ജൂൺ 25 മുതൽ ആരംഭിക്കുന്നതാണ്. പരീക്ഷയ്ക്ക് പിഴ കൂടാതെ ജൂൺ 29 വരെയും 50 രൂപ പിഴയോടുകൂടി ജൂലൈ 2 വരെയും 125 രൂപ പിഴയോടുകൂടി ജൂലൈ 4 വരെയും അപേക്ഷിക്കാവുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## ബി.എ (ആന്വൽ സ്കീം – വൈവ വോസി)

2018 മേയ് മാസത്തിൽ നടത്തിയ പാർട്ട് III ബി.എ ഇംഗ്ലീഷ് (ആന്വൽ സ്കീം) പരീക്ഷയുടെ വൈവാവോസി ജൂൺ 26 മുതൽ യൂണിവേഴ്സിറ്റി ക്യാംപസ്, പാളയം, ജൂൺ 27 മുതൽ കെ.യൂ. സി.റ്റി.ഇ കൊല്ലം, എസ്.ഡി കോളേജ്, ആലപ്പുഴ എന്നീ സെന്ററുകളിൽ വച്ച് രാവിലെ 10.00മണി മുതൽ നടത്തുന്നതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ

## എം.എ ഫിലോസഫി ഫലം

2018 എപ്രിൽ മാസത്തിൽ നടത്തിയ എം.എ ഫിലോസഫി 2016–2018 ബാച്ച് (സി.എസ്.എസ്) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. വിന്നി പോൾ ഫെർണാണ്ടസ് ഒന്നാം റാങ്ക് കരസ്ഥമാക്കി.

## വനിതാ ഹോസ്റ്റൽ പ്രവേശനം

കേരള സർവകലാശാലയുടെ കീഴിലുള്ള ഗവൺമെന്റ് കോളേജുകളിലെ ഒന്നാം വർഷ ബിരുദ വിദ്യാർത്ഥിനികൾക്ക് തൈക്കാടുള്ള സർവകലാശാല വനിതാ ഹോസ്റ്റൽ പ്രവേശനത്തിനുള്ള അപേക്ഷകൾ ഓൺലൈനായി ക്ഷണിച്ചു. പ്രവേശനത്തിനുള്ള അപേക്ഷകൾ ഓൺലൈനായി http://hostel.keralauniversity.ac.in എന്ന വെബ്സൈറ്റിലൂടെ ജൂൺ 26 മുതൽ സമർപ്പിക്കാവുന്നതാണ്.


## രണ്ടാം സെമസ്റ്റർ പി.ജി ഫലം

2017 ആഗസ്റ്റിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.എ മലയാളം, അറബിക്, സംസ്കൃതം (സ്പെഷ്യൽ), ഹിസ്റ്ററി, എം.എസ്.സി ഫിസിക്സ്, ബയോകെമിസ്ട്രി, പോളിമർ കെമിസ്ട്രി, ബോട്ട ണി, സുവോളജി, ഇലക്ട്രോണിക്സ്, കംപ്യൂട്ടർ സയൻസ്, എം.പി.എ എന്നീ പരീക്ഷകളുടെ ഫലം വെബ്സൈറ്റിൽ.

## രണ്ടാം സെമസ്റ്റർ എം.സി.എ ഫലം

2017 ഡിസംബറിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.സി.എ (2011 സ്കീം) സപ്ലിമെന്ററി പരീക്ഷ യുടെയും നാലാം സെമസ്റ്റർ എം.സി.എ (2015 സ്കീം) റെഗുലർ പരീക്ഷ, നാലാം സെമസ്റ്റർ എം. സി.എ (2011 സ്കീം) സപ്ലിമെന്ററി പരീക്ഷയുടെയും ഫലം വെബ്സൈറ്റിൽ.


തിരുവനന്തപുരം.



23.06.2018

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,



സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**